## ഫാം ഇൻഫർമേഷൻ ബ്യൂറോ
## കവടിയാർ പി.ഒ. തിരുവനന്തപുരം

- ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രവർത്തനമാരംഭിച്ചത് എന്നാണ്?

കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ വിജ്ഞാന, വികസന പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനായി 1969 ജനുവരി ഒന്നിന് ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രവർത്തനമാരംഭിച്ചു.

- ഇത് ഒരു സർക്കാർ സ്ഥാപനമാണോ?

അതെ. 1969-ൽ സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിൽ കൃഷി,മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകൂപ്പുകളുടെ വിജ്ഞാന വിഭാഗങ്ങൾ സംയോജിപ്പിച്ച് രൂപം നൽകിയ സ്ഥാപനമാണ് ഫാം ഇൻഫർമേഷൻ ബ്യൂറോ.

- കൃഷിവകുപ്പിലെ ജോയിന്റ് ഡയറക്ടർ തസ്തികയിലുള്ള പ്രിൻസിപ്പൻ ഇൻഫർമേഷൻ ഓഫീസർ തലവനായും ഒരു കൃഷി ഡെപ്യൂട്ടി ഡയറക്ടർ, കൃഷിവകുപ്പിലെ 3 അസിസ്റ്റന്റ് ഡയറക്ടമാർ, മൃഗസംരക്ഷണവകുപ്പിലെ 3 അസിസ്റ്റന്റ് ഡയറക്ടമാർ, ക്ഷീരവികസന വകുപ്പിലെ ഒരു അസിസ്റ്റന്റ് ഡയറക്ടർ, 3 കൃഷി ഓഫീസർമാർ എന്നിവർ ബ്യൂറോയുടെ സാങ്കേതികപ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നു. കാർഷികോല്പാദന കമ്മിഷണർ അദ്ധ്യക്ഷനായ ഉപദേശക സമിതി ബ്യൂറോയ്ക്ക്വേണ്ട നിർദ്ദേശങ്ങൾ നൽക്കുന്നു.

- ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനമേഖല വിശദമാക്കാമോ?

കൃഷി,മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിലെ വിജ്ഞാന വ്യാപനമാണ് ബ്യൂറോയുടെ പ്രധാന ഉദ്ദേശം. കർഷകരുടെ ഉന്നമനത്തിനായി സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾ,കാർഷിക ഗവേഷണ സ്ഥാപനത്തിലുരുത്തിരിയുന്ന പുത്തൻ ഗവേഷണ ഫലങ്ങൾ എന്നിവ സമയബന്ധിതമായി കർഷകരിലെത്തിക്കുകയാണ് ബ്യൂറോയുടെ ലക്ഷ്യം.

- കാർഷികഗവേഷണ മേഖലയിലെ അറിവുകൾ കർഷകരിലെത്തിക്കാൻ ബ്യൂറോ സ്വീകരിക്കുന്ന നടപടികൾ എന്തെക്കെയാണ്?

പ്രസിദ്ധീകരണങ്ങൾ,പത്രമാധ്യമങ്ങൾ,ദൂരദർശൻ ആകാശവാണി തുടങ്ങിയ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, പ്രദർശനങ്ങൾ എന്നിവയിലൂടെ കാർഷിക ഗവേഷണമേഖയിലെ അറിവുകൾ കർഷകരിലെത്തിക്കാനുള്ള പ്രവർത്തനങ്ങളാണ് ബ്യൂറോ പ്രധാനമായും നടത്തി വരുന്നത്.

ബ്യൂറോയുടെ പ്രസിദ്ധീകരണങ്ങളിൽ പ്രഥമസ്ഥാനം കേരളത്തിലെ ആദ്യത്തെ കാർഷികമാസികയായ 'കേരളകർഷകൻ' തന്നെ.ഇന്ന് കേരളകർഷകന് ഒരുലക്ഷത്തിലേറെ വരിക്കാരുണ്ട്. ഏറ്റവും കുറഞ്ഞ

വിലയ്ക്ക് വില മതിക്കാനാവാത്ത വിവരങ്ങൾ പകർന്നു നൽകുന്ന മറ്റൊരുമാസികയും കേരളത്തിലില്ല.ഇതിനുപുറമെ ഫാം ഇൻഫർമേഷൻ ബ്യൂറോ യുടെ വെബ്സൈറ്റിലൂടെ ഇംഗ്ലീഷിൽ (കേരളകർഷകൻ ഇ-ജേർണൽ) മാസികയും പ്രസിദ്ധീകരിച്ചുവരുന്നു കൂടാതെ കർഷകർക്ക് ഉപകാരപ്രദമായ ലഘുലേഖകളും പുസ്തകങ്ങളും പോസ്റ്ററുകളും, ഫാംഗൈഡും പ്രസിദ്ധീകരിച്ച് വിതരണം നടത്തുന്നു. ഹരിതദളം എന്നപേരിൽ ദ്വൈവാര വാർത്താ പത്രികയും പ്രസിദ്ധീകരിക്കുന്നു. ഗ്രാമീണ കാർഷിക പ്രദർശനങ്ങൾ തൊട്ട് ഇൻർനാഷണൽ ട്രേഡ്ഫെയർവരെയുള്ള പ്രദർശനങ്ങളിലും ബ്യൂറോ പങ്കെടുക്കുന്നുണ്ട്. ദൂരദർശൻ (മലയാളം) ചാനലിൽ എല്ലാ ഞായറാഴ്ചയും രാവിലെ 9.30ന് നൂറുമേനി എന്ന കാർഷിക പരിപാടി സംപ്രേക്ഷണം ചെയ്യുന്നു. കാർഷിക ജീവിതം തൊട്ടറിയാൻ കഴിയുന്ന വിജയഗാഥകൾ, നേരിടുന്ന പരിമിതി, പരിഹാര മാർഗ്ഗങ്ങൾ ഒക്കെ നൂറുമേനിയിൽ കാണാൻകഴിയും. ആകാശവാണിയിലും ദൂരദർശനിലും കാർഷികമേഖലാവാർത്തകളും നൽകി വരുന്നു. കുട്ടനാട് പാക്കേജിന്റെ ഭാഗമായി കൃഷിവകുപ്പ് ആരംഭിച്ച കുട്ടനാട് റേഡിയോ പരിപാടി 'ഞാറ്റുവേല' എന്ന പേരിൽ 2013 സെപ്റ്റംബർ 19 മുതൽ പ്രക്ഷേപണമാരംഭിച്ചു. ഫാം ഇൻഫർമേഷൻ ബ്യൂറോ നിർമ്മിക്കുന്ന ഈ റേഡിയോ പരിപാടി തിങ്കൾ, ചൊവ്വ, വ്യാഴം, വെള്ളി ദിനങ്ങളിൽ വൈകുന്നേരം 5 മണി മുതൽ 5.30 വരെ ആകാശവാണിയിൽ പ്രക്ഷേപണം ചെയ്തു വരുന്നു.

- ബ്യൂറോയ്ക്ക് റീജയണൽ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

എറണാകുളം,കോഴിക്കോട് എന്നിവിടങ്ങളിലായി രണ്ട് റീജിയണൽ ഓഫീസ് പ്രവർത്തിക്കുന്നു. തിരുവനന്തപുരം,കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിലെ പ്രവർത്തനം ബ്യൂറോയുടെ ആസ്ഥാന ഓഫീസിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാണ്. ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകൾ എറണാകുളം റീജിയണൽ ഓഫീസിന്റെ പരിധിയിലും പാലക്കാട് മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോട് ജില്ലകൾ കോഴിക്കോട് റീജിയണൽ ഓഫീസിന്റെ പരിധിയിലും പ്രവർത്തനം നടത്തുന്നു.

- ബ്യൂറോ പ്രസിദ്ധീകരിക്കുന്ന കൃഷിമാസിക ഏതാണ്? മാസിക കർഷകന് ലഭ്യമാക്കാൻ സ്വീകരിക്കേണ്ട നടപടി എന്തെല്ലാമാണ്?

സമയബന്ധിതമായി കൃഷി അനുബന്ധമേഖലകളിലെ ഗവേഷണ ഫലങ്ങളും വികസനപ്രവർത്തനങ്ങളും പ്രതിപാദിക്കുന്ന 'കേരള കർഷകൻ ' ബ്യൂറോ പ്രസിദ്ധീകരിക്കുന്ന കൃഷി മാസിക ആണ്. കേരളകർഷകൻ വരിക്കാരനാകാൻ അഗ്രഹിക്കുന്നവർ വരിസംഖ്യതുക ഡി.ഡിയോ മണിയോർഡറോ ആയി പിൻകോഡ് അടങ്ങിയ പൂർണ്ണമേൽവിലാസം സഹിതം പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ,

ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ പി.ഒ, തിരുവനന്തപുരം-03 എന്ന വിലാസത്തിൽ അയയ്ക്കുക.വരി സംഖ്യ ഒറ്റപ്രതി 10 രൂപ,ഒരു വർഷത്തേക്ക് 100 രൂപ, ആജീവനാന്തവരിസംഖ്യ 1000 രൂപ(15 വർഷത്തേക്ക്) എന്ന ക്രമത്തിലാണ്. ഇതിനുപുറമെ ഇപ്പോൾ **<u>fib website</u>** മുഖേന **Online** വഴിയും കേരള കർഷകൻ വരിക്കാരാകാം

- ബ്യൂറോയിൽ നിന്നും ലഭിക്കുന്ന മറ്റു പ്രസിദ്ധീകരണങ്ങങ്ങൾ ഏതൊക്കെയാണ്? ഇതു സൗജന്യമായാണോ കർഷകർക്കു നൽക്കുന്നത്?

കൃഷി അനുബന്ധ മേഖലകളിലേക്ക് ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച ലഘുലേഖകൾ, ബുക്ക്ലെറ്റുകൾ, പോസ്റ്ററുകൾ,സ്റ്റിക്കറുകൾ എന്നിവ കൂടാതെ ഹരിതദളം എന്ന പേരിൽ ദ്വൈവാര വാർത്താ പത്രികയും പ്രസിദ്ധീകരിക്കുന്നു.ഇതു സൗജന്യമായി കർഷകർക്കു നൽകുന്നു.കൃഷി അനുബന്ധ മേഖലയിൽ ഉദ്യോസ്ഥർക്ക് പെട്ടന്ന് റഫർ ചെയ്യാവുന്ന വിവരങ്ങൾ ഉൾക്കൊളളിച്ച് എല്ലാവർഷവും 'ഫാം ഗൈഡ് ' പ്രസിദ്ധീകരിക്കുന്നു.

- ബ്യൂറോ വഴി കൃഷി അനുബന്ധമേഖലയിലെ വികസന പ്രവർത്തനങ്ങളുടെ പരസ്യം മാധ്യങ്ങളിലൂടെ നൽകാറുണ്ടോ?

കൃഷി-മൃഗസംരക്ഷണം-ക്ഷീരവികസനം എന്നീ വകുപ്പുൾക്ക് ആവശ്യമായിവരുന്ന പരസ്യം പത്ര മാധ്യമങ്ങളിലൂടെയും ആകാശവാണി,ദൂരദർശൻ തുടങ്ങിയ മാധ്യമങ്ങളിലൂടെയും നൽകി വരുന്നു.

- കാർഷിക പ്രദർശനങ്ങളിൽ ബ്യൂറോ പങ്കെടുക്കാറുണ്ടോ?

ഗ്രാമീണ കാർഷിക മേളകൾതൊട്ട് ഭാരത അന്താരാഷ്ട്ര വ്യാപാരമേളകൾ വരെയുള്ള പ്രദർശനങ്ങളിലും ടൂറിസം വാരാഘോഷവുമായും മറ്റും ബന്ധപ്പെട്ടുള്ള ഘോഷയാത്രയിലും ബ്യൂറോ പങ്കെടുക്കുന്നു. അതിനായി അനവധി സമ്മാനങ്ങളും ബ്യൂറോയ്ക്ക് ലഭിച്ചിട്ടുണ്ട്.

- ദൃശ്യമാധ്യമങ്ങളിലൂടെ ബ്യൂറോ കാർഷിക പരിപാടി സംപ്രേക്ഷണം ചെയ്യുന്നുണ്ടോ?

ആദ്യകാലങ്ങളിൽ ദൂരദർഷൻ 'നാട്ടിൻപുറം ' എന്ന കാർഷികപരിപാടി സംപ്രേക്ഷണം ചെയ്യാൻ ആരംഭിച്ചപ്പോൾ അതിലേയ്ക്കായി ബ്യൂറോ പരിപാടികൾ നിർമ്മിച്ചു നൽകിയിരുന്നു. 2004 മുതൽ 'നൂറുമേനി' എന്ന പേരിൽ തിരുവനന്തപുരം ദൂരദർശനിൽ ഒരുസ്ഥിരം പരമ്പര തന്നെ ബ്യൂറോ നിർമ്മിച്ച് സംപ്രേക്ഷണം ചെയ്യുന്നു. എല്ലാ ഞായാറാഴ്ചയും രാവിലെ 9.30-ന് ദൂരദർശൻ (മലയാളം) ചാനലിൽ 'നൂറുമേനി'സംപ്രേക്ഷണം ചെയ്യുന്നുണ്ട്.